പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1026 — 21/03/2013 ൽ മറുപടിയ്ക്ക്

## സർക്കാർ സ്കൂളുകളുടെ ആധുനികവത്ക്കരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. ശശി : | ശ്രീ: പി.കെ. അബ്ദുറബ്ബ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) എല്ലാ സർക്കാർ സ്കൂളുകളെയും അന്തർദേശീയ നിലവാരത്തിൽ ആധുനികവത്ക്കരിക്കുന്നതിനായി 2012-13 -ൽ വകയിരുത്തിയ 200 കോടി രൂപയിൽ നാളിതുവരെ എത്ര ശതമാനം ചെലവഴിച്ചുവെന്നും, ചെലവാക്കപ്പെട്ട തുക ഏതൊക്കെ പരിപാടികൾക്കാണ് ചെലവഴിച്ചതെന്നും വ്യക്തമാക്കുമോ ; | (എ) സർക്കാർ സ്കൂളുകളെ അന്തർദേശീയ നിലവാരത്തിൽ ആധുനികവൽക്കരിക്കുന്നതിനുവേണ്ടി 2012-13 സാമ്പത്തിക വർഷം 20 കോടി രൂപ വകയിരുത്തിയിരുന്നു. ഈ 20 കോടി രൂപ സർക്കാർ സ്കൂളുകളിൽ ആധുനികവൽക്കരണത്തിന്റെ ഭാഗമായി പ്രാഥമിക സൗകര്യങ്ങളായ ടോയ്ലറ്റ്, യൂറിനൽ, കുടിവെള്ള ലഭ്യത എന്നിവയുടെ നിർമ്മാണത്തിനുവേണ്ടി സർക്കാർ ഉത്തരവ് ജി.ഒ.(ആർ.ടി) നം. 687/2013/പൊ.വി തീയതി 14.02.2013 പ്രകാരം ഭരണാനുമതി നൽകുകയുണ്ടായി. പ്രസ്തുത തുക അതാത് ജില്ലാകളക്ടർമാർക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| ബി) ഈ വർഷം ഈ പരിപാടി നടപ്പാക്കാൻ വേണ്ടി തിരുവനന്തപുരം ജില്ലയ്ക്കു നീക്കിവെച്ച തുക എത്രയെന്നും അതിൽ എത്ര തുക ചെലവഴിച്ചുവെന്നും വെളിപ്പെടുത്തുമോ ; | (ബി) ഈ വർഷം തിരുവനന്തപുരം ജില്ലയിലെ സർക്കാർ സ്കൂളുകളിൽ ടോയ്ലറ്റും, യൂറിനലും, ഗേൾ ഫ്രണ്ട്ലി ടോയ്ലറ്റും പണിയുന്നതിനും, കുടിവെള്ള ലഭ്യതയ്ക്കും വേണ്ടി 2,62,00,000/- രൂപ നീക്കിവച്ചിട്ടുണ്ട്. പ്രസ്തുത തുക തിരുവനന്തപുരം ജില്ലാ കളക്ടർക്ക് വിതരണം ചെയ്യുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഈ വർഷം ഈ പരിപാടി നടപ്പാക്കിയ തിരുവനന്തപുരം ജില്ലയിലെ സ്കൂളുകളുടെ പേരുവിവരം ലഭ്യമാക്കാമോ ; ജില്ലയിൽ ഈ പരിപാടി നടപ്പാക്കാത്ത സ്കൂളുകൾ ഏതെല്ലാമെന്നും വെളിപ്പെടുത്തുമോ ; ഈ സ്കൂളുകളെകൂടി ഈ പരിപാടിയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ? | (സി) | ഈ വർഷം സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിൽ വിദ്യാർത്ഥികളുടെ എണ്ണത്തിനാനുപാതികമായി വേണ്ട അടിസ്ഥാന സൗകര്യങ്ങളുടെ ദൗർലഭ്യം അനുഭവപ്പെടുന്ന സ്കൂളുകളിലാണ് പ്രസ്തുത പരിപാടി നടപ്പിലാക്കാനുദ്ദേശിക്കുന്നത്. തിരുവനന്തപുരം ജില്ലയിലെ സ്കൂളുകളുടെ പേരുവിവരം അനുബന്ധമായി ചേർക്കുന്നു. |

Sd/-

സെക്ഷൻ ഓഫീസർ